ശ്രീ. ആർ. ശങ്കർ : നിർദ്ദേശം കൊടുത്തിട്ടുണ്ട്. അപേക്ഷയും അപേക്ഷയുടെ കൂടെ വേണ്ടുന്ന ഡോക്യുമെൻറ്സും സമയത്തിന് കൊടുക്കാതിരിക്കുന്നതുകൊണ്ടാണ് ബുദ്ധിമുട്ടുണ്ടാവുന്നത്.

ശ്രീ. കെ. ഹസ്സൻഗനി : അപേക്ഷകൾ സമയത്തിന് കൊടുത്താലും ചില സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ അതു വച്ചുകൊണ്ടിരിക്കുന്നു എന്ന പരാതിയുണ്ട്. അങ്ങനെ വച്ചുകൊണ്ടിരിക്കാതെ കിട്ടിയ ഉടൻ സ്കോളർഷിപ്പ് കൊടുക്കുന്നതിന് നടപടികൾ എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ വച്ചുകൊണ്ടിരിക്കുന്ന ചില ഹെഡ്മാസ്റ്റർമാർ ഉണ്ടാവും ; ആരാണെന്ന് കണ്ടുപിടിച്ച് അറിയിച്ചാൽ വേണ്ട നടപടികളെടുക്കാം.

ശ്രീമതി എ. നഫീസത്തുബീവി : കാളേജുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് എല്ലാ കാളേജുകളിലും ലഭിക്കുന്നില്ല എന്നുള്ള പരാതിയുണ്ട്; അതുകൊണ്ട് എല്ലാ കാളേജുകളിലേയും മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പുകൊടുക്കാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ആർ. ശങ്കർ : പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : മൂന്നുവർഷം മുമ്പ് ഈ നിയമസഭയിൽ തന്നെ മലബാർ ഭാഗത്തെ പാവപ്പെട്ട മുസ്ലീം കുട്ടികൾക്ക് സ്കോളർഷിപ്പ കൊടുക്കുന്നതാണെന്ന പറയുകയുണ്ടായി. പക്ഷേ ഇതുവരെ അതു് അവിടെ അനുവദിച്ചു കാണുന്നില്ല. ഏതായാലും വരുന്ന ജൂണിലെങ്കിലും മലബാർ ഭാഗത്തെ പാവപ്പെട്ട മുസ്ലീം കുട്ടികൾക്ക് സ്കോളർഷിപ്പ ലഭിക്കുന്നതിനുള്ള നടപടികൾ എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : കഴിയുന്നത്രവേഗം ഏകീകരിക്കുന്നതിനുള്ള നടപടികളെടുക്കാം.

ഹരിജൻ കോളനികളിലെ ചികിത്സാസൗകര്യം.

* 972. [10] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ കോളനികളിൽ അവക്ക് പ്രത്യേകം ചികിത്സാസൗകര്യം ഏർപ്പെടുത്തുന്ന കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഉണ്ടോ;

(ബി) ഏതെല്ലാം കോളനികളിൽ ഇപ്പോൾ അലോപ്പതി, ആയുർവ്വേദം എന്നീ സമ്പ്രദായങ്ങളിലുള്ള ഡിസ്പെൻസറികൾ നടത്തിവരുന്നു;

(സി) കണ്ണൂർ—കുറിച്ച്യ കോളനിയിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി തുറക്കുന്ന കാര്യം എന്തായി;

(ഡി) എന്നു് ആരംഭിക്കും ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) പട്ടിക വർഗ്ഗക്കാർക്കായിട്ടുള്ള ചില കോളനികളിൽ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അട്ടപ്പാടിയിലെ മുക്കാളി ടൈബൽകോളനിയിൽ അലോപ്പതി ഡിസ്പെൻസറിയും, ചമ്പക്കാട്ട്, ചിങ്ങേരി, മന്നാംകണ്ടം, കുറിയാക്കുട്ടി എന്നീ ഗിരിവർഗ്ഗ കോളനികളിൽ ആയുർവ്വേദ ആശുപത്രികളും ഉണ്ട്.

(സി,ഡി) ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലാണ്.

ശ്രീ. കെ. ആർ. വിജയൻ: ചികിത്സാസൗകര്യത്തിനുവേണ്ടിയുള്ള സംഖ്യ ഹരിജൻ ഡിപ്പാർട്ടുമെൻറിൽനിന്നാണോ, അതോ പൊതുജനാരോഗ്യ ഡിപ്പാർട്ടുമെൻറിൽനിന്നാണോ ചെലവാക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ നിന്നാണു് ചെലവഴിക്കുന്നതു്.

ശ്രീ. ഒ. കോരൻ: ഗിരിവർഗ്ഗ കോളനികളിൽ താമസിക്കുന്ന സ്ത്രീകൾക്കു് പ്രസവകാര്യത്തിലും മറ്റും ചികിത്സാസൗകര്യം നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യാൻ ദയവുണ്ടാകുമോ?

ശ്രീ. കെ കുഞ്ഞമ്പു: ഈ കഴിഞ്ഞ 30–ാം തീയതി ഒരു കോഴ്സു് ആദിവാസികളുടെ ആവശ്യത്തിനുവേണ്ടി പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ടു്. അങ്ങനെ 10 പെൺകുട്ടികളെ തിരഞ്ഞെടുത്തു് 30–ാം തീയതി ഒരു കോഴ്സു് ആരംഭിച്ചിരിക്കുകയാണു്.

†ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ ലാഭം.

* 973 [11] ശ്രീ. പാറയിൽ ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1962–63–ൽ സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറിൻെറ ലാഭമെത്ര;

(ബി) 1963–64–ൽ എത്ര ലാഭം പ്രതീക്ഷിക്കുന്നു?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) ലാഭം 37,77,747 രൂപ 92 നയാപൈസാ.

(ബി) 1963–64–ലെ കണക്കുകൾ പൂർത്തിയായതിനുശേഷമേ വിവരം നൽകാൻ സാദ്ധ്യമാവുകയുള്ളു.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഇന്നത്തെ ചില പത്രങ്ങളിൽ മിനിമം ചാർജ്ജു് 10 നയാപൈസയാക്കാൻ പോകുന്നു എന്നും, മറ്റു ചില പത്രങ്ങളിൽ 20 നയാപൈസയായിത്തന്നെ തുടരാൻ പോകുന്നു എന്നും വാർത്ത കണ്ടു. ഇതിൻെറ സത്യാവസ്ഥ എന്താണു്; 10 നയാപൈസയാക്കാൻ തീരുമാനിച്ചോ, അതോ 20 നയാപൈസതന്നെ തുടരാനാണോ തീരുമാനം?

ശ്രീ. കെ. ടി. അച്യുതൻ: എസ്സു്. ടി. എ. കമ്മിറ്റിയുടെ അഭിപ്രായം അറിയാൻ അയച്ചിരുന്നു. മിനിഞ്ഞാന്നു് അവർ യോഗംചേർന്നു് അഭിപ്രായം അറിയിച്ചു. റിപ്പോർട്ടു ഞാൻ കണ്ടിട്ടില്ല, പറഞ്ഞുകേട്ടതാണു്, 10 നയാപൈസ ആക്കുന്നതു് ന്യായമല്ലെന്നാണു് അറിയിച്ചതു്.

ശ്രീ. കെ. ഹസ്സൻഗനി: വെഹിക്കിൾസ് ടാക്സു്, സാധനങ്ങളുടെ വിലക്കയറ്റം ഇതൊക്കെ കണക്കിലെടുത്തുകൊണ്ടു് എത്ര ലക്ഷത്തോളം രൂപ കൂടുതൽ ചെലവു വരുമെന്നു പറയാമോ?

ശ്രീ. കെ. ടി. അച്യുതൻ: ഇതുവരെ ഉദ്ദേശിച്ചിരുന്നതു് സാധാരണ സ്റ്റേറ്റു് ഗവണ്മെൻറിൻെറ ടാക്സും കഴിച്ചു് 75 ലക്ഷത്തോളം മിച്ചം കിട്ടും എന്നാണു്. അതിനിടയിൽ കേന്ദ്രഗവണ്മെൻറിൻെറ ടാക്സും വന്നതുകൊണ്ടു് കുറെ കുറയും. ഏകദേശം കണക്കുനോക്കിയപ്പോൾ തുച്ഛമായ തുക മാത്രമാണു് ഇന്നലെവരെയുള്ള കാലത്തിൽ മിച്ചം ഉണ്ടാക്കാൻ സാധിക്കുന്നതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: എസ്സു്. ടി. എ. ബോർഡു് ഇങ്ങനെ ശുപാർശചെയ്തു എങ്കിലും ഗവണ്മെൻറിൻെറ അഭിപ്രായം എന്താണു്?

ശ്രീ. കെ. ടി. അച്യുതൻ: ഞാൻ ഇക്കാര്യം പലതവണയും പറഞ്ഞതാണു്. 10 നയാപൈസ ആക്കണമെന്നാണു് ഗവണ്മെൻറു തീരുമാനിച്ചിരിക്കുന്നതു്. എസ്സു്. ടി. എ. യുമായി കൺസൾട്ടു ചെയ്തു എന്നേയുള്ളു.

† Put by Shri K. R. Vijayan.

LIBRARY ARCHIVES Kerala Legislative Assembly